# ഐ.സി.ഡി.എസ് മുഖാന്തിരം ലഭിക്കുന്ന സേവനങ്ങൾ

1. അനുപൂരക പോഷകാഹാരം (കുട്ടികൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക്)
2. രോഗ പ്രതിരോധ കുത്തിവെപ്പ്
3. പരാമർശ സേവനങ്ങൾ (Referral Service)
4. വളർച്ചാ നിരീക്ഷണം
5. അനൗപചാരിക വിദ്യാഭ്യാസം
6. വിവിധ ബോധവല്ക്കരണ ക്ലാസ്സുകൾ
7. ശൈശവ വിവാഹ നിരോധനം
8. ജാഗ്രതാ സമിതി (സ്ത്രീകൾക്കും, കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾക്ക് എതിരെയുള്ള പ്രവർത്തനം

## പദ്ധതികൾ

1. ആശ്വാസകരിണം (കിടപ്പ് രോഗികളെ പരിചരിക്കുന്നവർക്കുള്ള ധനസഹായം)
2. സമാശ്വാസം 1 (ഡയാലിസീസ് ചെയ്യുന്ന രോഗികൾക്കുള്ള ധനസഹായം)
3. സമാശ്വാസം 2 (കിഡ്നി / കരൾ മാറ്റിവെച്ചവർക്കുള്ള ധനസഹായം)
4. സമാശ്വാസം 3 (ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായം)
5. വനിത ഗൃഹനാഥരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
6. പടവുകൾ - വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം
7. അഭയകിരണം-അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം
8. മംഗല്യ-വിധവാ പുനർവിവാഹത്തിനുള്ള ധനസഹായം
9. PMMVY (പ്രധാനമന്ത്രി മാതൃവന്ദനയോജന)

# ക്ഷീരവികസന വകുപ്പ്

## കണ്ണൂർ ക്ഷീരവികസന ഓഫീസ്, കണ്ണൂർ

കണ്ണൂർ ക്ഷീരവികസന യൂണിറ്റിൽ താഴെപ്പറയുന്ന ജീവനക്കാർ ജോലിചെയ്തുവരുന്നു.

| | | |
|---|---|---|
| ക്ഷീരവികസന ഓഫീസർ | – | 1 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | – | 1 |
| ഓഫീസ് അറ്റൻഡർ | – | 1 |

പ്രവർത്തന പരിധി - അഴീക്കൽ, ചിറക്കൽ, വളപട്ടണം, പാപ്പിനിശ്ശേരി എന്നീ നാല് പഞ്ചായത്തുകളും കണ്ണൂർ കോർപ്പറേഷന്റെ ഉത്തരമേഖലയിലെ പ്രദേശങ്ങളും .

കണ്ണൂർ ബ്ലോക്ക് ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ പാപ്പിനിശ്ശേരി, ചിറക്കൽ, അഴീക്കോട്, കണ്ണൂർ എന്നീ നാല് ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

### ലക്ഷ്യമാകുന്ന സേവനങ്ങൾ

കണ്ണൂർ ക്ഷീരവികസന യൂണിറ്റ് മുഖാന്തിരം 2025-26 വർഷത്തിൽ ലഭ്യമാകുന്ന സേവനങ്ങൾ താഴെപറയുന്നു.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (MSDP)

   a) 2 പശു യൂണിറ്റ്  b) ഒരു പശുയൂണിറ്റ്  c) കാലിത്തൊഴുത്ത് നിർമ്മാണം

   d) അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി എന്നിവയ്ക്ക് സഹായം നൽകുന്നു.
2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി - തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നു
3. ക്ഷീരസംഘങ്ങൾ മുഖേന ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതികൾക്ക് സഹായം നൽകുന്നു.
4. ക്ഷീരസംഘങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.
5. ക്ഷീരസംഘങ്ങൾ മുഖേന Cattle feed components വിതരണം ചെയ്യുന്ന പദ്ധതിക്ക് ധനസഹായം നൽകുന്നു.
6. ക്ഷീരമേഖലയിൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുന്നു.
7. ക്ഷീരസംഘങ്ങളുടെ ഭരണ നിയന്ത്രണം നടത്തുന്നു.
8. പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
9. ക്ഷീരകർഷക ക്ഷേമനിധിയുടെ സേവനങ്ങൾ ലഭ്യമാക്കുന്നു.
10. ക്ഷീരസാന്ത്വനം പദ്ധതിയിലൂടെ ആരോഗ്യ ഇൻഷ്വറൻസ്, കന്നുകാലി ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുന്നു.

# പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന ധനസഹായം

1. നഴ്സറി സ്കൂളുകൾ
   a) ലംപ്സംഗ്രാന്റ് 500 രൂപ b) Dietry Charge
2. പ്രീമെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ് വരെ) (Lumpsum Grand, Primary Secondary Educational Aid, Stipend)
3. 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃത പദ്ധതി)
4. ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ മക്കൾക്കുള്ള ധനസഹായം
5. അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ-ഇംമ്പേഴ്സ്മെന്റ്
6. ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
7. പ്രീമെട്രിക് ഹോസ്റ്റലുകൾ-പോക്കറ്റ് മണി, പ്രതിമാസ ഭക്ഷണ ചെലവ്
8. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസിന് ശേഷം)
9. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ / മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ
10. പ്രത്യേക പ്രോത്സാഹന സമ്മാനം
11. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ
12. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനത്തിനുള്ള ധനസഹായം
13. പ്ലസ്ടു പഠനത്തിനോടൊപ്പവും എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം
14. സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം
15. എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്
16. പ്രൈമറി/സെക്കന്ററി എഡ്യുക്കേഷൻ എയ്ഡ്
17. ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം
18. സ്റ്റെതസ്കോപ്പ് വിതരണം
19. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
20. ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം
21. വിദൂരവിദ്യാഭ്യാസത്തിനുള്ള സഹായം
22. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം
23. പഠനമുറി പദ്ധതി
24. ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം
25. സ്വയംതൊഴിൽ പദ്ധതി
26. അഭിഭാഷകർക്ക് ധനസഹായം
27. വിവാഹ ധനസഹായം
28. മിശ്രവിവാഹിതർക്ക് ധനസഹായം
29. ഭൂരഹിത പുനരധിവാസ പദ്ധതി
30. ഭവന പൂർത്തീകരണ പദ്ധതി
31. ആരോഗ്യസുരക്ഷ പദ്ധതി-ചികിത്സ ധനസഹായം
32. ഏകവരുമാന ദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം
33. വിജ്ഞാൻവാടി
34. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുരധിവാസ പദ്ധതി
35. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം
36. SAFE (Secure Accommodation and Facility Enhancement)
37. സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം
38. അംബേദ്കർ ഗ്രാമവികസന പരിപാടി
39. വാത്സല്യനിധി പദ്ധതി
40. കോർപ്പസ് ഫണ്ട്
41. സ്വയം തൊഴിൽ സബ്സിഡി പദ്ധതി

# വ്യവസായ വാണിജ്യ വകുപ്പ്

**കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ ഒരു ഓഫീസ് പ്രവർത്തിക്കുന്നു തിങ്കൾ, ബുധൻ ദിവസങ്ങളിൽ വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമാകും**

**ലഭ്യമാകുന്ന സേവനങ്ങൾ**

| ക്രമ നം. | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ |
|---|---|---|---|
| 1 | സംരംഭക സഹായ പദ്ധതി | കേരളത്തിലെ ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉൽപാദന മേഖല, സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ല എന്നിവയനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ 15% മുതൽ 45% വരെയൂണിറ്റിന് സബ്സിഡിയായി ലഭിക്കും. | അപേക്ഷ ഓൺ ലൈൻ ആയി/ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്നതാണ്. |
| 2 | പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പി.എം.ഇ.ജി.പി. | പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ/പ്രോജക്ടുകൾ/ മൈക്രോ എന്റർപ്രൈസസ് സ്ഥാപിക്കുന്നതിലൂടെ രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടി ക്കുക എന്നതാണ് ലക്ഷ്യം. ഗ്രാമവ്യവസായങ്ങളുടെ നെഗറ്റീവ് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഒഴികെ ഗ്രാമവ്യവസായ പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പുതിയ സൂക്ഷ്മ സംരംഭങ്ങൾക്കും പി.എം.ഇ.ജി.പി. ബാധകമാണ്. നിലവിലുള്ള/പഴയ യൂണിറ്റുകൾ യോഗ്യമല്ല. 15% മുതൽ 35% സബ്സിഡി അനുവദിക്കുന്നു. | അപേക്ഷ ഓൺ ലൈൻ ആയി/ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്നതാണ്. |
| 3 | ഒരു കുടുംബം ഒരു സംരംഭം പദ്ധതി | ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/പ്രവർത്തന മൂലധന വായ്പ), അഞ്ച് വർഷത്തേക്ക് പരമാവധി 6% വരെ പലിശ ഇളവിന് അർഹതയുണ്ട്. 1-4-2022 നോ അതിനുശേഷമോ പ്രവർത്തനം/ഉൽപാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്. | അപേക്ഷ ഓൺ ലൈൻ ആയി/ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്നതാണ്. |
| 4 | പി.എം.എഫ്. എം.ഇ. പദ്ധതി | മൈക്രോ ഫുഡ് പ്രോസസ്സിംഗ് സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും, ഈ സംരംഭങ്ങളുടെ നവീകരണത്തിനും പിന്തുണ നൽകുന്നതിനുള്ള ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് Formalization of Micro Food Processing Enterprises. | അപേക്ഷ ഓൺ ലൈൻ ആയി/ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്നതാണ്. |
| 5 | നാനോ യൂനിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് | ഉൽപാദന / സേവന മേഖലകളിൽ ആകെ മുതൽ മുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് പദ്ധതി സഹായം ലഭിക്കും. വായപാബന്ധിത പദ്ധതിയാണിത്. | |
| 6 | തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരുദ്ധാരണ പദ്ധതി | തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപാദന രഹിതമായ ആസ്തികളെ ഉൽപാദന ആസ്തികളാക്കി മാറ്റുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം അർഹമായ യൂണിറ്റുകൾക്ക് 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റു കൈതാങ്ങ് സഹായവും നൽകുന്നു. | അപേക്ഷ ഓൺ ലൈൻ ആയി/ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| 7 | കരകൗശല വിദഗ്ദർക്കുള്ള സഹായ പദ്ധതി (ആശ) | കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കര കൗശല മേഖലയിലെ വിദഗ്ദർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പണിപ്പുര, പണിയായുധങ്ങൾ, മറ്റ് ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, സാങ്കേതിക വിദ്യ, ഉൽ പന്ന രൂപകൽപ്പന തുടങ്ങിയ സ്ഥിര മൂലധന നിക്ഷേപ ത്തിന് ധനസഹായം ലഭിക്കും. | അപേക്ഷ ഓൺ ലൈൻ ആയി/ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്ന താണ്. |
| 8 | ടെക്നോളജി ക്ലിനിക്ക് | നിലവിലുള്ള യൂണിറ്റുകളിലെ സംരംഭകരെ ഉൾക്കൊള്ളിച്ചു കൊണ്ട് നടത്തുന്ന ദ്വിദിന പരിപാടിയാണ് ടെക്നോളജി ക്ലിനിക്കുകൾ. നിലവിലെ യൂണിറ്റുകളുടെ സാങ്കേതിക പ്രശ് നങ്ങൾ ചർച്ച ചെയ്യുന്നതിനും, സാങ്കേതികവിദ്യ നവീകരി ക്കുന്നതിനും സംരംഭകരെ സ്ഥാപനങ്ങളിലെ അധ്യാപകരു ടെയും സാങ്കേതിക വിദഗ്ദരുടെയും സേവനം പ്രയോജന പ്പെടുത്തിയാണ് ടെക്നോളജി ക്ലിനിക്കുകൾ നടത്തുന്നത്. | |
| 9 | സംരംഭകത്വ വികസന ക്ലബ്ബ് | യുവജനങ്ങൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തി യെടുക്കാനും അവർക്കുവേണ്ട നൈപുണ്യവും സങ്കേതവും ആത്മവിശ്വാസവും നൽകി അവരെ പുത്തൻ തലമുറയുടെ സംരംഭകത്വത്തിന്റെ ദീപശിഖാവാഹകരാക്കാനും ഉദ്ദേശിച്ച് സ്കൂളുകളിലും കോളേജുകളിലുംസംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. | |
| 10 | എം.എസ്.എം.ഇ. ക്ലിനിക്ക് | സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവ രുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ മേഖലക ളിൽ പ്രാഗത്ഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയ ങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ദരുടെ പാനൽ എം.എസ്.എം.ഇ. ക്ലിനിക്ക് എന്ന പേരിൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ക്രമീകരിച്ചിട്ടുണ്ട്. | |
| 11 | സംരംഭകരുടെ പരാതി പരിഹാര സംവിധാനം | 2021 ലെ 137 നമ്പർ ഓർഡിനൻസ് പ്രകാരം 1999ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡലവപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം. ജില്ലാ/സംസ്ഥാന പരാതി പരിഹാര സമിതികൾ രൂപീകരിച്ചു കൊണ്ടാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. | |
| 12 | കെ-സ്വിഫ്റ്റ് | പ്രവർത്തനം തുടങ്ങുന്നതിന് ലൈസൻസിംഗ് ലഭിക്കുന്നതി നുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കെ. സ്വിഫ്റ്റ് സംവിധാനം ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ പ്രവർ ത്തിക്കാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ആവശ്യ മായ ലൈസൻസുകൾ നേടിയാൽ മതി. | ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടുക. |
| 13 | വ്യവസായ കേരളം മാസിക | വ്യവസായ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ വ്യവസായ കേരളം മാസികയിൽ വരിക്കാരാവുന്നതാണ്. വ്യവസായ സംബന്ധമായ ലേഖനങ്ങൾ/വിജയഗാഥകൾ/ പ്രോജക്ടുകൾ/സർക്കാർ ഉത്തരവുകൾ എന്നിവ ലഭ്യമാകുന്നു | വാർഷിക വരിസംഖ്യ 300 രൂപ |
| 14 | വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് | വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും വകുപ്പിന്റെ വെബ്സൈറ്റ് ആയ https://www.industry.kerala.gov.in എന്നതിൽ ലഭ്യമാണ്. | |

| | | | |
|---|---|---|---|
| 15 | മിഷൻ 1000 | കേരളത്തിലെ തെരഞ്ഞെടുത്ത 1000 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ശരാശരി വാർഷിക വരുമാനം നാല് വർഷം കൊണ്ട് 100 കോടിയിലേക്ക് ഉയർത്തുകയാണ് പദ്ധതി ലക്ഷ്യം | ജില്ല വ്യവസായ ഓഫീസുമായി ബന്ധപ്പെടുക |
| 16 | ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ | ബ്ലോക്ക് പരിധിയിൽപെട്ട പുരുഷ/വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരഭത്തിന് ധനസഹായം | ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെടുക |

# ഗവ. വൃദ്ധമന്ദിരം

**അഴീക്കോട്, ചാൽ, കണ്ണൂർ**

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അഴീക്കോട് ചാലിൽ പ്രവർത്തിച്ചുവരുന്ന കണ്ണൂർ ഗവ. വൃദ്ധമന്ദിരം സേവനമാരംഭിച്ച് 26 വർഷങ്ങളായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള ഈ സ്ഥാപനത്തിൽ ബ്ലോക്ക് പഞ്ചായത്തും കൂടി വിപുലമായ വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

100ഓളം താമസക്കാർക്ക് താമസസൗകര്യമുള്ള ഇവിടെ നിലവിൽ 56 വയോജനങ്ങൾക്കാണ് സംരക്ഷണം നൽകുന്നത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളതും സംരക്ഷിക്കാൻ ആരുമില്ലാത്തതുമായ വയോജനങ്ങൾക്കാണ് പ്രവേശനം നൽകുന്നത്. താമസക്കാർക്ക് ഭക്ഷണം, താമസം, വസ്ത്രങ്ങൾ, ചികിത്സ എന്നിവ സർക്കാർ വഹിക്കുന്നു.

2019 ഫെബ്രുവരി മുതൽ ദേശീയ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ള ഈ സ്ഥാപനത്തിൽ പി.ടി.എസ്. ഉൾപ്പെടെ 9 സ്ഥിരം ജീവനക്കാരും സാമൂഹ്യസുരക്ഷാമിഷൻ മുഖേനയുള്ള കരാർ ജീവനക്കാരും, നിലവിൽ സേവനമനുഷ്ഠിച്ച് വരുന്നു.

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു സുശക്തമായ മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. ആയതിന്റെ ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും കൺവീനർ സ്ഥാപന സൂപ്രണ്ടുമാണ്. കൂടാതെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ എന്നിവർ കമ്മിറ്റിയിൽ അംഗമാണ്.

സ്ഥാപനത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി വെള്ളക്കടലാസിൽ സ്വന്തമായി തയ്യാറാക്കിയ അപേക്ഷയോടൊപ്പം അതതു പ്രദേശത്തെ തദ്ദേശ ഭരണസ്ഥാപനത്തിലെ പ്രസിഡണ്ട് / സർക്കാർ ഡോക്ടർ/ജില്ലാ സാമൂഹ്യ നീതി ഓഫീസർ എന്നിവരുടെ സാക്ഷ്യപ്പെടുത്തുന്ന രേഖയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി പ്രവേശനം നൽകുന്നതാണ്. പിന്നീട് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് സ്ഥിര പ്രവേശനം നൽകുന്നതുമായിരിക്കും.

**മേൽവിലാസം :**

സൂപ്രണ്ട്
ഗവ. വൃദ്ധമന്ദിരം
ചാൽ, അഴീക്കോട് പി.ഒ.
കണ്ണൂർ-670 009
ഫോൺ: 04972 771300, 8281999015